# 70. തായാട്ട് ശങ്കരൻ

തായാട്ട് ശങ്കരന്റെ മരണവാർത്ത ഞാൻ തീരെ പ്രതീക്ഷിച്ചിരുന്നില്ല. രോഗബാധിതനായ അദ്ദേഹത്തെ, ഏതാണ്ട് ഒരു വർഷംമുമ്പ്, നിർബന്ധിച്ച് കോയമ്പത്തൂരിലെ ആര്യവൈദ്യഫാർമസിയിൽ ചികിത്സയ്ക്ക് അയച്ചത് ഞാനായിരുന്നു. അസാധാരണമായിരുന്നു അദ്ദേഹത്തിന്റെ രോഗം—തൊലിക്ക് കറുപ്പുനിറവും കാഠിന്യവും. എത്രയോ കാലമായി തന്നെ ദ്രോഹിച്ചിരുന്ന എക്സീമയുടെ വകഭേദമായേ അദ്ദേഹം ഈ രോഗത്തെ കരുതിയിരുന്നുള്ളു. എങ്കിലും, മററു ചികിത്സകൾ ഫലപ്രദമല്ലാതെവന്നപ്പോൾ, കുറേക്കാലം നിഷ്കർഷിച്ച് ആയുർവേദ ചികിത്സ നടത്താൻ ഞാൻ അദ്ദേഹത്തെ ഉപദേശിച്ചു; എങ്ങനെയെങ്കിലും അദ്ദേഹത്തെ കോയമ്പത്തൂരിലേക്കു പറഞ്ഞുവിടണമെന്ന് ശ്രീമതി ഹൈമവതിയോട് അഭ്യർത്ഥിക്കുകയുംചെയ്തു. 'പറഞ്ഞാൽ കേൾക്കേണ്ടേ?' എന്നായിരുന്നു ധർമപത്നിയുടെ പ്രതികരണം.

ആയുർവേദ ചികിത്സകൊണ്ട് രോഗത്തിന് ഉപശാന്തി കാണാതിരുന്നപ്പോൾ, ആയുർവേദത്തിലും അലോപ്പതിയിലും വിദഗ്ധനായ ഡോക്ടർ സി. കെ. രാമചന്ദ്രന്റെ അടുത്തേക്ക്, നിർബന്ധം ചെലുത്തിത്തന്നെ, ഞാൻ തായാട്ടിനെ കൂട്ടിക്കൊണ്ടുപോയി. അദ്ദേഹത്തെ ബാധിച്ച രോഗം ക്യാൻസർ അല്ലെന്ന് ബോംബെയിലെ ടാററാ മെമ്മോറിയൽ ക്യാൻസർ ഇൻസ്റ്റിററ്യൂട്ട് അതിനുമുമ്പ് വിധിച്ചിരുന്നു. ഔഷധോപയോഗംകൊണ്ട് രോഗത്തെ നിയന്ത്രണവിധേയമാക്കാനും, ഫിസിയോതെറാപ്പികൊണ്ട് കൈയിന്റെ ഏറെക്കുറെ നഷ്ടപ്പെട്ടുകഴിഞ്ഞിരുന്ന പ്രവർത്തനശേഷി വീണ്ടെടുക്കാനും സാധ്യമാണെന്ന് ഡോക്ടർ രാമചന്ദ്രൻ ഞങ്ങളെ ആശ്വസിപ്പിച്ചു. ഡോക്ടർ നിർദേശിച്ച ഔഷധങ്ങളുടെ ഉപയോഗം രോഗിയിൽ പ്രകടമായ ഫലം ഉടൻ ഉളവാക്കാതെയുമിരുന്നില്ല. എന്നാൽ, ബയോപ്സിക്കുവേണ്ടി കക്ഷത്തിലെ കഴലയിൽനിന്ന് ഒരംശം മുറിച്ചെടുത്തതുമൂലം ഉളവായ മുറിവ് ഉണങ്ങാത്തതിനാൽ ഫിസിയോതെറാപ്പി ആരംഭിക്കുവാൻ കഴിഞ്ഞില്ല.

തായാട്ട് വീണ്ടും ബോംബെയിലേക്ക് ചികിത്സയ്ക്കുവേണ്ടി പോയതായി ഫെബ്രുവരി അവസാനത്തിൽ കോഴിക്കോട്ടു ചെന്നപ്പോൾ ഞാൻ അറിഞ്ഞു. രോഗം യഥാർത്ഥത്തിൽ ക്യാൻസർതന്നെയാണെന്നോ, അത് അപകടമേഖലയിലേക്കു കടന്നിരിക്കുന്നുവെന്നോ അപ്പോഴും മനസ്സിലായില്ല. രോഗം തികച്ചും വിട്ടുമാറിയില്ലെങ്കിൽക്കൂടി, രോഗത്തിന്റെമേൽ നിയന്ത്രണം സ്ഥാപിച്ച്, സാഹിത്യപരവും ധിഷണാപരവുമായ പ്രവർത്തനങ്ങൾ ഇനിയുമെത്രയോ വർഷങ്ങളിൽ തുടർന്നു നടത്തുന്നതിനു പര്യാപ്തമായ ദേഹസൗഖ്യത്തോടെ, അടുത്തുതന്നെ അദ്ദേഹം കോഴിക്കോട്ട് തിരിച്ചെത്തുമെന്ന പ്രതീക്ഷ ഞാൻ പിന്നീടും പുലർത്തിവന്നു. അതുകൊണ്ട്, മാർച്ച് 23—ാം തീയതി വൈകുന്നേരം അദ്ദേഹത്തിന്റെ മരണവാർത്ത കേട്ടപ്പോൾ, കുറെ ഏറെനേരം ഞാൻ തരിച്ചിരുന്നുപോയി.

നാല്പതു വർഷത്തിലേറെ നീണ്ട സൗഹൃദമാണ് ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നത്. ഈ സൗഹൃദം അഭിപ്രായൈക്യത്തിൽനിന്ന് ഉളവായതോ, അഭിപ്രായൈക്യത്തെ ആസ്പദമാക്കി നിലകൊള്ളുന്നതോ ആയിരുന്നില്ല. അഭിപ്രായങ്ങൾ പരസ്പരം പൊരുത്തപ്പെടാതിരുന്നപ്പോഴും, അന്യോന്യം മനസ്സിലാക്കാനും ആദരിക്കാനും ഞങ്ങൾക്കു കഴിഞ്ഞിരുന്നു.

ഒരു തീവ്രദേശീയവാദിയെന്ന നിലയിലാണ് യുവാവായിരിക്കേ, തായാട്ട് ശങ്കരൻ ശ്രദ്ധേയനായിത്തീർന്നത്. ആയിരത്തിത്തൊള്ളായിരത്തിമുപ്പതുകളിൽ വടക്കേ മലബാറിലെ തിളച്ച് ഉരുകിയിരുന്ന സ്വാതന്ത്ര്യപ്രക്ഷോഭത്തിന്റെ അന്തരീക്ഷത്തിൽ വളർന്ന തായാട്ടിന്റെ സംവേദനശീലമായ ഹൃദയത്തിൽ ദേശീയബോധം ഒരാവേശമായി നിറഞ്ഞുനിന്നതിൽ ആശ്ചര്യമില്ല.

അനുഗൃഹീത കവിയും അനുഗൃഹീത അദ്ധ്യാപകനുമായിരുന്ന വി. വി. കെ. നമ്പ്യാരാണ് ശിഷ്യനായിരുന്ന തായാട്ടിന്റെ ഹൃദയത്തിൽ സാഹിത്യത്തെ സംബന്ധിച്ച ആരോഗ്യകരമായ ധാരണകൾ നട്ടുവളർത്തിയത്. സാഹിത്യം സുന്ദരവും, അതേസമയം ആശാസ്യമായ സാമൂഹ്യപരിവർത്തനം ഉളവാക്കുന്നതിന് ശക്തവും ആയിരിക്കണമെന്ന വിശ്വാസത്തിൽനിന്ന് പിന്നീടൊരിക്കലും തായാട്ട് വ്യതിചലിക്കുകയുണ്ടായില്ല. തന്റെ വിശ്വാസങ്ങൾ അതിശക്തമായി, പലപ്പോഴും ആവശ്യത്തിൽ കവിഞ്ഞ ശക്തിയോടെതന്നെ, അവതരിപ്പിക്കുകയെന്നതു് തായാട്ടിന്റെ ഒരു ശീലമായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനത്തിൽ കാണാവുന്ന പല പൊരുത്തക്കേടുകളുടെയും അടിയിലുള്ളതു്, വേണ്ടതിൽ കൂടുതൽ ഊന്നൽ എന്തിലും കൊടുക്കുന്ന ഈ ശീലമാണെന്ന് ഞാൻ കരുതുന്നു.

തായാട്ട് ശങ്കരന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയ ഘടകങ്ങളിൽ മുഖ്യമായ ഒന്നാണ് 1942–ലെ ആഗസ്റ്റ് വിപ്ലവം. ഈ വിപ്ലവത്തിൽ കമ്യൂണിസ്റ്റ്പാർട്ടി എടുത്ത നിലപാടിനോട് കഠിനമായ പ്രതിഷേധം തായാട്ടിനുണ്ടായിരുന്നു. മഹാകവി വള്ളത്തോളിന്റെ സോവിയററ് സൗഹാർദത്തെ ബോംബെയിൽവച്ച നേരിട്ട വിമർശിക്കുന്നതിന് കൗമാരദശയിൽ തായാട്ടിനെ പ്രേരിപ്പിച്ചതു് ഈ പ്രതിഷേധമായിരുന്നു. ഒരു കുട്ടിയുടെ 'തായാട്ട്' മാത്രമായി ഈ വിമർശനത്തെ മഹാകവി വള്ളത്തോൾ അന്നു തള്ളിക്കളയുകയുണ്ടായി. പില്ക്കാലത്ത് വള്ളത്തോളിന്റെ കവിതയെ, അതിന്റെ സാമൂഹ്യപ്രാധാന്യത്തിലൂന്നി, സമഗ്രമായും പര്യാപ്തമായും യുക്തിസംഗതമായും വ്യാഖ്യാനിച്ചപ്പോൾ തായാട്ട് ആ പഴയ വിമർശനത്തിനു പ്രായശ്ചിത്തം അനുഷ്ഠിക്കുകയായിരുന്നുവോ?

മഹാത്മാഗാന്ധിയെ തന്റെ ആദർശപുരുഷനായി കണ്ട തായാട്ട് ശങ്കരൻ കേരളത്തിലെ ഗാന്ധിശിഷ്യരിൽ അഗ്രിമനായ കേളപ്പന്റെ അടുത്ത അനുയായിയായതു സ്വാഭാവികംമാത്രമായിരുന്നു. 'സാദ്ധ്യതയുടെ കല' (ആർട്ട് ഓഫ് ദി പോസിബിൾ) ആണ് രാഷ്ട്രീയം. പക്ഷേ, ഗാന്ധിജിയുടെ മരണത്തിനുശേഷം കോൺഗ്രസ്സിനോടും കമ്യൂണിസ്റ്റ് പാർട്ടിയോടും ഒരേസമയം എതിർപ്പ് പ്രകടിപ്പിച്ചുവന്നിരുന്ന ഗാന്ധിവാദികൾ ശ്രമിച്ചതു്. രാഷ്ട്രീയത്തെ 'അസാദ്ധ്യതയുടെ കല' ആക്കി മാററുവാനാണ്. ഗാന്ധിദർശനത്തോടുള്ള പ്രതിബദ്ധത നിലനിർത്തിക്കൊണ്ടുതന്നെ തായാട്ട് ശങ്കരൻ പില്ക്കാലത്ത് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ്പാർട്ടിയുടെ പ്രവർത്തകനും 'ദേശാഭിമാനി' വാരികയുടെ പത്രാധിപരും ആയിത്തീർന്നതു്, 'സാദ്ധ്യതയുടെ കല'യെന്നനിലയിൽ മാത്രമേ രാഷ്ട്രീയത്തിന് അർത്ഥമുള്ളൂ എന്ന ബോധം അദ്ദേഹത്തിൽ ഉദിച്ചതു മൂലമായിരിക്കണം.

രാഷ്ട്രീയത്തിന്—രാഷ്ട്രീയ ചിന്തയ്ക്കും രാഷ്ട്രീയ പ്രവർത്തനത്തിനും—ഗണ്യമായ സംഭാവന നൽകുവാൻ തായാട്ടിനു കഴിഞ്ഞുവോ എന്ന കാര്യം സംശയമാണ്. പല സംഘടനകളിൽ പ്രവർത്തിച്ചെങ്കിലും, അനുയായി എന്ന നിലയിൽനിന്ന് ഒരു രാഷ്ട്രീയപ്രസ്ഥാനത്തിന്റെയും നേതൃപദവിയിലേക്ക് അദ്ദേഹം ഉയർന്നെത്തുകയുണ്ടായില്ലല്ലോ. രാഷ്ട്രീയം ഏതെങ്കിലും വിധത്തിൽ അദ്ദേഹത്തിനു ഭൗതികതലത്തിൽ പ്രയോജനപ്പെട്ടതാ

യും തോന്നുന്നില്ല. മാർക്സിസ്റ്റ്പാർട്ടിയുടെ സഹായംകൊണ്ട് അദ്ദേഹത്തിനു കൈവന്ന ഏകപദവി കേരളഗ്രന്ഥശാലാ സംഘത്തിന്റെ അദ്ധ്യക്ഷൻ എന്നതായിരുന്നു. പക്ഷേ, ഗ്രന്ഥശാലാ സംഘത്തിന്റെ സ്ഥാപനകാലംമുതൽ അതിന്റെ കാര്യദർശിയായിരുന്ന, ആ സംഘത്തിന്റെ ഒരേ ഒരു മുഴുവൻ സമയ പ്രവർത്തകനായിരുന്ന, ശ്രീ പി. എൻ. പണിക്കരുമായി സഹകരിക്കുവാൻ തായാട്ടിനു കഴിയാതെപോയി. പ്രവർത്തനശൈലി സംബന്ധിച്ച, തികച്ചും തുച്ഛങ്ങളായിരുന്ന, അഭിപ്രായവ്യത്യാസങ്ങഠം മാത്രമാണ് ഇവരെ തമ്മിൽ അകററിയതു് എന്നാണ്, ഈ രണ്ടു വ്യക്തികളുടെയും സുഹൃത്തായ എന്റെ ധാരണ. അതു് എങ്ങനെയിരുന്നാലും, ജനകീയ സ്വഭാവം തികച്ചും നഷ്ടപ്പെട്ട് ഗ്രന്ഥശാലാ സംഘം ഏറെക്കുറെ നിർജീവമായ ഒരു സർക്കാർസ്ഥാപനമായി മാറാനെ തായാട്ടിന്റെ അദ്ധ്യക്ഷപദവി ഉതകിയുള്ളു എന്നതു് അനിഷേധ്യമായ ഒരു വസ്തുതയാകുന്നു.

രാഷ്ട്രീയപ്രവർത്തകനെന്ന നിലയിൽ തായാട്ട് ശങ്കരന്റെ ഭൂമിക (റോഠം) ഒരു വിജയമായിരുന്നില്ലെങ്കിലും, അദ്ധ്യാപകൻ എന്ന നിലയിൽ കേരളീയസമൂഹത്തിന് വിശിഷ്ടമായ സേവനം കാഴ്ചവയ്ക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. കോഴിക്കോട്ടെ ഗണപതി ഹൈസ്കൂളിലും തവനൂർ റൂറൽ ഇൻസ്റ്റിററ്യൂട്ടിലും ദേവഗിരി കോളേജിലും കോഴിക്കോട്ട് ഗവണ്മെൻറ് കോളേജിലും ക്ലാസ്സുകളിൽ പഠിപ്പിക്കുമ്പോഴെന്നപോലെ, പരസ്യം പൊതുവേദികളിൽ പ്രസംഗിക്കുമ്പോഴും, 'വിപ്ലവം' എന്ന ദിനപ്പത്രത്തിന്റെയും ദേശാഭിമാനി വാരികയുടെയും പത്രാധിപത്യം വഹിക്കുമ്പോഴും; മററവിധത്തിൽ സാഹിത്യരചനയിൽ ഏർപ്പെട്ടപ്പോഴും, എല്ലാം അധൃഷ്യനായ ഒരു അദ്ധ്യാപകന്റെ ഭൂമികയാണ് അദ്ദേഹം നിർവഹിച്ചിരുന്നതു്. തായാട്ട് സ്വയം ചിന്തിച്ചു; ചിന്തിക്കുവാൻ ശിഷ്യരേയും ശ്രോതാക്കളെയും വായനക്കാരെയും ഉത്തേജിപ്പിക്കുകയും ചെയ്തു. ഒരുപക്ഷേ, ഇതായിരുന്നു അദ്ദേഹത്തിന്റെ ജീവിതസാഫല്യം.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം, ഉള്ളടക്കം, പ്രവർത്തനശൈലി എന്നിവയെപ്പററി വ്യക്തമായ കാഴ്ചപ്പാട് തായാട്ടിന് ഉണ്ടായിരുന്നു. മഹാത്മാഗാന്ധിയും, തുടർന്നു് ഡോ. രാധാകൃഷ്ണൻ, ഡോ. കോഠാരി മുതലായവരും ആവിഷ്കരിച്ച വിദ്യാഭ്യാസ സിദ്ധാന്തങ്ങളെ അദ്ദേഹം പൊതുവെ അനുകൂലിക്കുകയും, ഈ സിദ്ധാന്തങ്ങളെ വ്യഭിചരിപ്പിച്ചുകൊണ്ട്, വരേണ്യവർഗത്തെ സൃഷ്ടിച്ച നിലനിർത്തുന്നതിനും ദരിദ്രവർഗത്തെ ചൂഷണംചെയ്യുന്നതിനുമുള്ള ഉപകരണമായി. വിദ്യാഭ്യാസ സംവിധാനത്തെ അധഃപതിപ്പിക്കുന്ന സ്വതന്ത്രഭാരതത്തിലെ വ്യവസ്ഥിതിയെ നഖശിഖാന്തം എതിർക്കുകയുംചെയ്തു ആധുനിക വിദ്യാഭ്യാസത്തിന്റെ അനുമസ്സന്താനങ്ങളിൽ രൂഢമൂലമായിക്കാണുന്ന 'മാനസികമായ അടിമത്ത'ത്തോട് അദ്ദേഹത്തിനു കഠിനമായ പുച്ഛം ഉണ്ടായിരുന്നു. വിദ്യാഭ്യാസത്തിന്റെ സാമൂഹ്യമൂല്യത്തിൽ അദ്ദേഹം വിട്ടുവീഴ്ചയില്ലാതെ ഊന്നൽകൊടുത്തു. കേരളീയരായ വിദ്യാഭ്യാസ ചിന്തകർക്കിടയിൽ സുപ്രധാനമായ ഒരു സ്ഥാനം തായാട്ട് ശങ്കരന് എക്കാലത്തും ഉണ്ടായിരിക്കും.

എന്നാൽ, വിദ്യാഭ്യാസത്തേക്കാഠംക്കൂടുതൽ തായാട്ട് എഴുതിയിട്ടുള്ളതു് സാഹിത്യത്തെപ്പററിയാണെന്നു തോന്നുന്നു. കവിതയിൽ തായാട്ട് ശങ്കരന് താല്പര്യം—കമ്പംതന്നെ—ഉളവാക്കിയതു്, മുമ്പുപറഞ്ഞപോലെ ഭാവഗാനരചനയിൽ അദ്വിതീയമായ നൈപുണ്യം പ്രകടിപ്പിച്ച വി. വി. കെ. ആയിരുന്നു. സാഹിത്യത്തിൽ അനുപേക്ഷണീയമായ ഭാവ—രൂപ—സൗഭാഗ്യത്തെപ്പററി വി. വി. കെ.യിൽനിന്നു് ആർജിച്ച

മൗലികബോധത്തിന്റെ അടിത്തറയിലാണ് സാഹിത്യപുരോഗതി സംബന്ധിച്ച തന്റെ പില്ക്കാല ധാരണകൾ തായാട്ട് പടുത്തുയർത്തിയതു്. വിദ്യാഭ്യാസത്തെ സംബന്ധിച്ചെന്നപോലെ സാഹിത്യത്തെ സംബന്ധിച്ചും, അടിസ്ഥാനപരമായി ഗാന്ധിയൻ ദർശനമാണ് തായാട്ടിനുണ്ടായിരുന്നതു് എന്നു് ഞാൻ വിചാരിക്കുന്നു. സാമ്പത്തികവർഗങ്ങളെപ്പററിയും, വർഗസമരത്തെപ്പററിയുമൊക്കെ സംസാരിക്കുമ്പോഴും, സാഹിത്യം ധർമബോധത്തെ ഉദ്ദീപിപ്പിക്കുകയും സംസ്കാരത്തെ പോഷിപ്പിക്കുകയും ബഹുജനഹിതം നിറവേററുകയും 'സബ്കോ സൻമതി' ദാനംചെയ്യുകയും വേണമെന്ന ഗാന്ധിജിയുടെ ഉദ്ബോധനംതന്നെയാണ് തായാട്ട് ആവർത്തിച്ചിരുന്നതു്. സമകാല മാർക്സിയൻ സാഹിത്യനിരൂപകരുടെ സിദ്ധാന്തങ്ങൾ അദ്ദേഹം നിഷ്കർഷിച്ചു പഠിച്ചിരുന്നതായി ഞാൻ മനസ്സിലാക്കിയിട്ടില്ല. ഈ മാർക്സിയൻ നിരൂപകരിൽ പലരും നെഞ്ചേററി ലാളിക്കാൻ മടിക്കാത്ത 'ആധുനികത'യുടെ പല രൂപഭാവങ്ങളെയും കള്ളനാട്യങ്ങളോ കോമാളിത്തങ്ങളോ ജീർണ്ണതയുടെ ലക്ഷണങ്ങളോ ആയാണ് തായാട്ട് നിരീക്ഷിച്ചതു്. തായാട്ടിന്റെ മനോനേത്രങ്ങൾക്കു മുമ്പിൽ എപ്പോഴുമുണ്ടായിരുന്നതു് ഇന്നത്തെ കേരളത്തിലെ അനുവാചകരായിരുന്നു. അവർക്കു രസിക്കുകയും, അവരെ ഉത്തേജിപ്പിക്കുകയും ഇന്നത്തെ വ്യവസ്ഥിതിയെ തുറന്നെതിർക്കുവാൻ അവരെ സന്നദ്ധരാക്കുകയുമാണ് സർഗാത്മക സാഹിത്യത്തിന്റെ ഈ കാലഘട്ടത്തിലെ മഹത്തായ ലക്ഷ്യമെന്നു് അദ്ദേഹം വിശ്വസിച്ചു: ഈ വസ്തുത വിശദമായും ശക്തമായും ആവർത്തിച്ചും യുക്തികളുടെ പിൻബലത്തോടെയും പറഞ്ഞുറപ്പിക്കുകയും ചെയ്തു. വിമർശിക്കുമ്പോൾ അദ്ദേഹം ആരുടെയും മുഖം നോക്കിയില്ല; ജനപ്രീതി തനിക്കു നഷ്ടപ്പെട്ടേക്കുമെന്നു് ഭയപ്പെട്ടുമില്ല

തായാട്ട് ശങ്കരന്റെ അഭിപ്രായങ്ങൾ എല്ലാവർക്കും ആദരണീയങ്ങളായിക്കൊള്ളണമെന്നില്ല. അന്യർക്കു് കല്പാന്തകാലംവരെ ചടഞ്ഞിരിക്കാനുള്ള തറകളായിട്ടല്ല, ചവിട്ടിക്കയറി കടന്നുപോകാനുള്ള പടവുകളായിട്ടാണ് ചിന്തകന്മാരുടെ ചിന്തകളെ മഹാചിന്തകനായ അഭിനവഗുപ്തൻ ചിത്രീകരിച്ചിട്ടുള്ളതു്. പഴയ ചിന്തകന്മാരുടെ ചിന്തകൾ ചവിട്ടിക്കേറി പുതിയ തലമുറ പുതിയ ജീവിതദർശനങ്ങളെ എത്തിപ്പിടിക്കുന്നു.

'ഊർധ്വോർധ്വമാരുഹ്യ യദർഥതത്വം
ധീഃ പശ്യതി ശ്രാന്തി മവേദയന്തീ
ഫലം തദാദ്യൈഃ പരികല്പിതാനാം
വിവേക സോപാന പരമ്പരാണാം.'

തായാട്ടിന്റെ അഭിപ്രായങ്ങളോടു് മൗലികമായ വിയോജിപ്പുള്ളവർക്കുകൂടി അദ്ദേഹത്തിന്റെ പ്രബന്ധങ്ങൾ വായിക്കുകയെന്നതു് ഉത്തേജകമായ ഒരു അനുഭവമാകുന്നു. അദ്ദേഹവുമായി പരിചയപ്പെടാൻ അവസരം ലഭിച്ചിട്ടുള്ളവർക്കാകട്ടെ, ആ കൃതികൾ വായിക്കുമ്പോൾ അദ്ദേഹം അടുത്തിരുന്നു സംസാരിക്കുന്ന അനുഭവമാണുണ്ടാവുക

നിത്യനിദ്രയിൽ ലയിച്ച ഈ സുഹൃത്തിനു് എന്റെ ബാഷ്പാർദ്രമായ സൗഹൃദാഞ്ജലി!

(25 മാർച്ച്, 1985)